(ബി) മൂന്ന് ഏക്കർ വരെയുള്ളവരുടെ മാത്രം പാട്ടം സ്റ്റേ ചെയ്താൽ മതിയെന്ന് ഈ ഗവണ്മെൻറ് ഉത്തരവു പുറപ്പെടുവിക്കുകയുണ്ടായോ ;

(സി) അപ്പോൾ നാലും അഞ്ചും ഏക്കർ കൈവശംവച്ച് അനുഭവിച്ചു വന്നവർക്ക് ഇപ്പോൾ ഈ ഉത്തരവുമൂലം ഇതുവരെയുള്ള കുടിശ്ശിക മുഴുവൻ ഇപ്പോൾ അടച്ചുതീർക്കേണ്ടതായി വരുകയില്ലേ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്) :

(എ) കുത്തകപ്പാട്ടം ഭൂമി ഉൾപ്പെടെ ഒട്ടാകെ അഞ്ച് ഏക്കറിൽ കൂടുതൽ ഭൂമി സ്വന്തമായോ കൈവശമോ ഇല്ലാത്ത ആളുകളുടെ കൈയിൽനിന്ന് കുടിശ്ശികപ്പാട്ടം ഈടാക്കുന്നതു സ്റ്റേചെയ്തിട്ടുണ്ട്. 6-7-1958-ലെ ആ സ്റ്റേ ഓർഡർ റവന്യൂ ഡിപ്പാർട്ടുമെൻറ് ഭൂമികളെ മാത്രം ബാധിക്കുന്നതാണ്.

(ബി) ഇല്ല.

(സി) മേൽ ഉത്തരത്തിൻെറ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

സ്യാബോർഡ് ഫാക്ടറിയുടെ പണി.

* 1405. [34] ശ്രീ. ജി. പത്മനാഭൻ തമ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പരിമലയിൽ സ്ഥാപിക്കുന്ന സ്യാബോർഡ് ഫാക്ടറിയുടെ പണി ഇന്ന് ഏതു ഘട്ടത്തിൽ എത്തിയിട്ടുണ്ട് ;

(ബി) ടി ഫാക്ടറിയുടെ ആവശ്യത്തിലേക്കുള്ള മെഷീനറി ഇതിനകം വന്നുകഴിഞ്ഞിട്ടുണ്ടോ ;

(സി) മെഷീനറി ഇൻസ്റ്റാൾ ചെയ്യുന്നതു ഫാക്ടറിക്കെട്ടിടം പണി കഴിഞ്ഞതിനു ശേഷമാണോ ;

(ഡി) ഫാക്ടറി തുറക്കുവേണ്ടി പണി തുടങ്ങിയിരിക്കുന്ന് കെട്ടിടവും ബഹുമാനപ്പെട്ട വ്യവസായമന്ത്രി സ്ഥാപിച്ച ഫൗണ്ടേഷൻ സ്റ്റോണും തമ്മിൽ എത്ര വാര അകലമുണ്ട് ;

(ഇ) ഇങ്ങനെ സംഭവിക്കുവാൻ പ്രത്യേക കാരണമെന്തെങ്കിലും ഉണ്ടോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ) :

(എ, ഡി, ഇ) ഈ ചോദ്യങ്ങൾക്ക് ഉത്തരം ശേഖരിച്ചുവരുന്നതേയുള്ളൂ.

(ബി) ഭൂരിഭാഗവും വന്നുകഴിഞ്ഞു.

(സി) അതേ.

സ്റ്റോറേജ് ട്രാൻസ്പോർട്ട് ബസ്സുകൾ സ്റ്റേജിംഗ്.

* 1406. [35] ശ്രീ. കെ. കുഞ്ഞമ്പു : താഴെ കാൺുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) മലബാർ പ്രദേശത്തു് എത്ര മൈൽ സ്റ്റോറേജ് ട്രാൻസ്പോർട്ട് ബസ്സുകൾ ഓടുന്നുണ്ട് ;

(ബി) എത്ര ബസ്സുകൾ ഓടുന്നുണ്ട് ;

(സി) പൊന്നാനി ടയണിലേയ്ക്ക് ബസ്സ് ലൈൻ നീട്ടുന്നതിനു് വല്ല നടപടിയും എടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ പൊന്നാനി ടയണിലേയ്ക്കുകൂടി ബസ്സ് സർവ്വീസ് നീട്ടുന്നതിനു് സത്വരനടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly